# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 22 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### തീർഥാടക ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു

ശബരിമല തീർഥാടക മലകയറുന്നതിനിടയിൽ ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു. തമിഴ്നാട് എറിക്കര കക്കല്ലൂർ ജാനകി രാമനാണ് ശനിയാഴ്ച രാത്രി ഒൻപതോടെ മലകയറുന്നതിനിടയിൽ മരിച്ചത്. ഹൃദയസ്തംഭനത്തെ തുടർന്ന് പമ്പ ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം ബന്ധുക്കളുടെ സഹായത്തോടെ നാട്ടിലെത്തിച്ചു.

(പി.ആർ. ശബരി-207)

### രണ്ട് തീർഥാടകർ വിദഗ്ധ ചികിൽസക്കായി കോട്ടയം മെഡിക്കൽ കോളജിൽ

ശബരിമല ദർശനത്തിന് എത്തിയ രണ്ട് ആന്ധ്രപ്രദേശ് സ്വദേശികൾക്ക് മലേറിയ സ്ഥിരീകരിച്ചതിനെ തുടർന്ന് വിദഗ്ധ ചികിൽസക്കായി കോട്ടയം

മെഡിക്കൽ കോളജിലേക്ക് അയച്ചു. പനി ബാധയെതുടർന്ന് സന്നിധാനത്തെ ഗവൺമെന്റ് ആശുപത്രിയിൽ ചികിൽസ തേടിയെത്തിയ യുവാക്കൾക്കാണ് രക്ത പരിശോധനയിൽ മലേറിയയെന്ന് സ്ഥിരീകരിച്ചത്. പ്രാഥമിക ചികിൽസ നൽകിയ ശേഷം ഇവരെ പമ്പ ഗവൺമെന്റ് ആശുപത്രിയിലെത്തിക്കുകയും അവിടെനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേക്ക് വിദഗ്ധ ചികിൽസക്കായി അയയ്ക്കുകയും ചെയ്തു.

(പി.ആർ. ശബരി-208)

## സൂര്യഗ്രഹണം: ശബരിമല ക്ഷേത്രനടകൾ നാല് മണിക്കൂർ അടച്ചിടും

സൂര്യഗ്രഹണം കണക്കിലെടുത്ത് ഈ മാസം 26 ന് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര തിരുനട, മാളികപ്പുറം, പമ്പ ക്ഷേത്ര നടകൾ നാല് മണിക്കൂർ അടച്ചിടും. 7.30 മുതൽ 11.30 വരെയാണ് ക്ഷേത്രനടകൾ അടയ്ക്കുന്നത്. സൂര്യഗ്രഹണം ആയതിനാൽ ക്ഷേത്രനട നാല് മണിക്കൂർ അടച്ചിടുന്നതിനാൽ അയ്യപ്പഭക്തർക്ക് ദർശനത്തിന് നിയന്ത്രണമുണ്ടാകുമെന്ന് പൊലീസ് അറിയിച്ചു.

26 ന് രാവിലെ 8.06 മുതൽ 11.13 മണി വരെയാണ് സൂര്യഗ്രഹണം. ഗ്രഹണം കഴിഞ്ഞ് 11.30 ന് ക്ഷേത്രനട തുറക്കും. തുടർന്ന് പുണ്യാഹവും കലശാഭിഷേകവും നടക്കും. ഇതിനു ശേഷം ഒരു മണിക്കൂർ സമയം ഭഗവാന് നെയ്യഭിഷേകം ഉണ്ടായിരിക്കും. കളഭകലശം എഴുന്നെള്ളത്തിനു ശേഷം കളഭാഭിഷേകം. തുടർന്ന് ഉച്ചപൂജ. അതു കഴിഞ്ഞ് തിരുനട അടയ്ക്കും. അന്നേ ദിവസം വൈകുന്നേരം ശ്രീകോവിൽ നട തുറക്കുന്നത് 5 മണിക്കായിരിക്കും. 5.30 ഓടെ തങ്ക അങ്കി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ തിരുനടയിൽ എത്തി പ്രത്യേക ഹാരം അണിഞ്ഞ് ശരംകുത്തിയിലേക്ക് യാത്ര തിരിക്കും. ആറ് മണിയോടെ തങ്ക അങ്കി ഘോഷയാത്രയ്ക്ക് ശരംകുത്തിയിൽ വച്ച് ആചാരപൂർവ്വമുള്ള സ്വീകരണം നൽകും. തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിക്കും. 6.25 ഓടെ പതിനെട്ടാം പടി കയറി കൊണ്ടു വരുന്ന തങ്ക അങ്കിപ്പെട്ടി ശ്രീകോവിലിലേക്ക് ക്ഷേത്രതന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങും. ശേഷം തങ്ക അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടക്കും. ഗ്രഹണത്തിന്റെ ഭാഗമായുള്ള നട അടയ്ക്കൽ കണക്കിലെടുത്ത് രാവിലെ അഞ്ച് മണി മുതലും തങ്ക അങ്കി ഘോഷയാത്ര നടക്കുന്നതിനാൽ 26 ന് വൈകുന്നേരവും അയ്യപ്പദർശനത്തിന് എത്തുന്ന ഭക്തർക്ക് നിലക്കൽ , പമ്പ എന്നിവിടങ്ങളിൽ നിയന്ത്രണം ഉണ്ടാകുമെന്ന് പൊലീസ് അറിയിച്ചു. രാത്രി 9.30 ന് അത്താഴ പൂജ, 10.50ന് ഹരിവരാസനം പാടി 11 മണിക്ക് തിരുനട അടയ്ക്കും.

മണ്ഡലപൂജ ദിനമായ ഡിസംബർ 27ന് പുലർച്ചെ 3 മണിക്ക് ആണ് ക്ഷേത്രനട തുറക്കുന്നത്. 3 .15 മുതൽ 7 മണി വരെ നെയ്യഭിഷേകം. 7.30 ന് ഉഷപൂജ. 8 മണി മുതൽ 9.30 വരെ നെയ്യഭിഷേകം തുടരും. 10 മണിക്കും 11.40നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള

മണ്ഡലപൂജ നടക്കും. ഉച്ചക്ക് ഒരു മണിക്ക് നട അടക്കും. അന്നേ ദിവസം വൈകുന്നേരം നാല് മണിക്ക് നട വീണ്ടും തുറക്കും. ദീപാരാധന വൈകുന്നേരം 6.30ന്. അത്താഴപൂജ 9.30 ന്. രാത്രി 9.50 ന് ഹരിവരാസനം പാടി നട അടയ്ക്കും.ഇതോടെ 41 ദിവസം നീണ്ടു നിന്ന മണ്ഡലകാലത്തിനും പരിസമാപ്തിയാകും. മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്ര തിരുനട ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് തുറക്കും. 2020 ജനുവരി 15 നാണ് മകരവിളക്ക്.

(പി.ആർ. ശബരി-209)

## ഹോട്ടലുടമകൾക്ക് പിഴശിക്ഷ

വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ച സന്നിധാന പരിസരത്തെ രണ്ട് ഹോട്ടൽ നടത്തിപ്പുകാരിൽ നിന്നും ഏഴായിരം രൂപ വീതം പിഴ ഈടാക്കി. ഞായറാഴ്ച്ച ഡ്യൂട്ടി മജിസ്ട്രേറ്റ് സി.ബിജുവിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡ് നടത്തിയ പരിശോധനയിലാണ് വൃത്തി രഹിതമായ സാഹചര്യത്തിൽ ഭക്ഷണ സാധനങ്ങൾ പാകം ചെയ്യുന്നതും വിളമ്പുന്നതും ശ്രദ്ധയിൽപ്പെട്ടത്. സന്നിധാനത്തും പരിസരത്തും സ്ക്വാഡ് വിശദമായ പരിശോധന നടത്തി. കൊപ്രാക്കളത്തിലെ അഗ്നി സുരക്ഷാ പിഴവ് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അടിയന്തര പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ഫയർ ഫോഴ്സിന് ഡ്യൂട്ടി മജിട്രേറ്റ് നിർദ്ദേശം നൽകി.

(പി.ആർ. ശബരി-210)

## പരിശോധന ശക്തം:
## 4.16 ലക്ഷം പിഴയീടാക്കി

ശബരിമലയിലും പരിസരത്തും പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ നടത്തിയ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ഇതുവരെ 4,16,000 രൂപ പിഴയായി ഈടാക്കി. ഹോട്ടലുകളിലെയും വ്യാപാര സ്ഥാപനങ്ങളിലേയും ശുചിത്വ കുറവ്, ഭക്ഷണത്തിലേയും സാധന സാമഗ്രികളുടെയും അളവ് തൂക്കത്തിലുണ്ടാകുന്ന വ്യത്യാസം, അമിതവില ഈടാക്കൽ, സുരക്ഷ തുടങ്ങിയ വിഷയങ്ങളിലാണ് സ്ക്വാഡ് പരിശോധിച്ച് പിഴയീടാക്കിയത്. ഡ്യൂട്ടി മജിസ്ട്രേറ്റ് സി.ബിജുവിന്റെ നേതൃത്വത്തിലുള്ള രണ്ട് സ്ക്വാഡുകളാണ് സന്നിധാനത്തും പരിസരത്തും പരിശോധന നടത്തി വരുന്നത്. ഹെൽത്ത്, റവന്യൂ, ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി എന്നീ വകുപ്പുകളിലെ പത്ത് പേരാണ് സംഘത്തിലുള്ളത്. ഓരോ സ്ക്വാഡിനേയും ജൂനിയർ സൂപ്രണ്ട് തലത്തിലുള്ള ഉദ്യോഗസ്ഥനാണ് നയിക്കുന്നത്. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് ഡ്യൂട്ടി മജിട്രേറ്റ് സി.ബിജു അറിയിച്ചു.

(പി.ആർ. ശബരി-211)

## കെ.എസ്.ആർ.ടി.സി നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് വരുമാനം 14 കോടി കവിഞ്ഞു

കെ.എസ്.ആർ.ടി.സി നിലയ്ക്കൽ- പമ്പ ചെയിൻ സർവ്വീസ് വരുമാനം 21 ന് വൈകിട്ട് വരെയുള്ള കണക്കുപ്രകാരം 14,16,14,609 രൂപയാണ്. നവംമ്പർ 15 മുതലുള്ള 28450 ചെയിൻ സർവ്വീസുകളിൽ നിന്നാണ് ഈ വരുമാനം. കെ.എസ്.ആർ.ടി.സി ജൻട്രം, നോൺ എ.സി ചെയിൻ സർവ്വീസുകൾ ഉൾപ്പെടെയുള്ള വരുമാനകണക്കാണിത്.നിലയ്ക്കലിൽ നിന്ന് തീർഥാടകർ നിറയുന്നതിന് അനുസരിച്ചാണ് പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് നടത്തുന്നത്. പമ്പ ഡിപ്പോയിൽ നിന്ന് വിവിധ കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി നടത്തിയ സർവ്വീസുകൾക്ക് ശനിയാഴ്ചവരെയുള്ള വരുമാനം1,95,65757 രൂപയാണ്. പമ്പ ഡിപ്പോയിൽ നിന്ന് തീർഥാടകരുടെ ആവശ്യപ്രകാരം വിവിധ കേന്ദ്രങ്ങളിലേക്ക് 31 ഫാസ്റ്റ് ബസും അഞ്ച് ഡിലക ്സ് ബസുമാണ് ദിവസവും സർവ്വീസ് നടത്തുന്നത്.

(പി.ആർ. ശബരി-212)

## ശബരിമല നാളത്തെ( 23.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
(3.20 മുതൽ 7 മണിവരെ
8 മണി മുതൽ 11.15 വരെയും)
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടര് 1 മണിക്ക് നട അടയ്ക്കും.
4 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 22 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

**ശബരിമല: ട്രാക്ടറുകൾക്കായുള്ള പുതിയ പാത യാഥാർഥ്യമായി**

ശബരിമല സന്നിധാനത്തേക്കുള്ള ട്രാക്ടർ സർവീസിന് സമാന്തരപാത യാഥാർത്ഥമാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. സന്നിധാനത്തെ വലിയനടപ്പന്തലിന് സമാന്തരമായാണ് പുതിയ ട്രാക്ടർ റോഡ്.
ശബരിമല സന്നിധാനത്തേക്ക് അവശ്യ സാധനങ്ങൾ എത്തിക്കാനായി ട്രാക്ടറുകൾ പോകുന്ന പുതിയ പാത വലിയ നടപ്പന്തലിലൂടെയുള്ള റോഡിന് സമാന്തരമായാണ് ഒരുക്കിയിരിക്കുന്നത്. നടപ്പന്തലിലൂടെ ട്രാക്ടർ സർവ്വീസ് കടന്നു പോകുമ്പോൾ നടപ്പന്തലിൽ വിരിവെച്ചിരിക്കുന്ന അയ്യപ്പഭക്തർ മാർക്കും നടപ്പന്തലിലൂടെ നടന്നുപോകുന്ന അയ്യപ്പ ഭക്തൻമാർക്കും പൊടിപടലത്തിന്റെ ശല്യം രൂക്ഷമായി ബാധിക്കുന്നുണ്ടായിരുന്നു. കൂടാതെ അയ്യപ്പഭക്തൻ മാരുടെ സുഗമമായുള്ള യാത്രയ്ക്കും ട്രാക്ടറുകൾ തടസ്സം സൃഷ്ടിച്ചിരുന്നു. ഇതിനാണ് ഇപ്പോൾ പരിഹാരമായിരിക്കുന്നത്. നടപ്പന്തലിന് കിഴക്ക് ഭാഗത്തായി ആണ് പുതിയ ട്രാക്ടർ റോഡ് ഒരുക്കിയിട്ടുള്ളത്. പുതിയ പാത സംബന്ധിച്ച് വനം വകുപ്പ് ഉന്നയിച്ചിരുന്ന തടസ്സ വാദങ്ങൾ നീങ്ങിയതോടെയാണ് പുതിയ പാത സഞ്ചാരയോഗ്യമാക്കാൻ ദേവസ്വം ബോർഡിന് സാധ്യമായത്. ഈ വിഷയത്തിൽ മുഖ്യമന്ത്രി ഇടപെട്ട് വനം വകുപ്പിനോട് അടിയന്തര നടപടി

സ്വീകരിക്കാൻ  വേണ്ട നിർദ്ദേശം നൽകിയിരുന്നു. സന്നിധാനത്തെ സർക്കാർ ആശുപത്രിക്കും കെ എസ് ഇ ബി ഓഫീസിനും ഇടയിലൂടെയുള്ള പാതയിലേക്ക് തിരിഞ്ഞ് വടക്കോട്ടാണ് പുതിയ പാത. ട്രാക്ടറുകൾ ഈ വഴി സഞ്ചരിച്ച് നടപ്പന്തലിനു വടക്കേ അറ്റത്തുള്ള സ്റ്റേജിന് മുന്നിലുടെ മുകളിലേക്ക് പോകണം. ശുചീകരണ പ്രവർത്തനങ്ങൾക്കായി പോകുന്ന ട്രെയ്‌ലറുകൾക്ക് നടപ്പന്തലിലൂടെ സഞ്ചരിക്കേണ്ടി വരുമെങ്കിലും പുതിയ ട്രാക്ടർ പാത, ട്രാക്ടർ സർവ്വീസ് മൂലം അയ്യപ്പഭക്തൻമാർക്ക് നേരിടേണ്ടി വന്ന ബുദ്ധിമുട്ടിനാണ് വിരാമമായിരിക്കുന്നത്.

(പി.ആർ. ശബരി-213)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.